# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 22.05.2025** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1. പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ അരുണാചൽ പ്രദേശ്, ത്രിപുര സന്ദർശനത്തിന് തുടക്കമായി; ഇരട്ട എഞ്ചിൻ സർക്കാരുകളുടെ പ്രവർത്തന മികവ് അരുണാചൽ പ്രദേശിലെ വികസനത്തിൽ നിർണായ പങ്ക് വഹിച്ചതായി പ്രധാനമന്ത്രി .

   **Prime Minister Narendra Modi's visit to Arunachal Pradesh and Tripura has commenced. He stated that the performance of the double-engine governments has played a crucial role in the development of Arunachal Pradesh.**

2. രാജ്യത്ത് ചരക്ക് സേവന നികുതി പരിഷ്ക്കാരങ്ങൾ പ്രാബല്യത്തിൽ വന്നു ; 99 ശതമാനം ഉത്പന്നങ്ങൾക്കും നികുതി 5 ശതമാനം മാത്രം.

   **The Goods and Services Tax (GST) reforms have come into effect nationwide, with 99% of products now taxed at a rate of 5%.**

3. പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ പ്രസംഗങ്ങളെ ആസ്പദമാക്കിയുള്ള 'സബ്കാ സാത്ത് സബ്കാ വികാസ്, സബ്കാ വിശ്വാസ് സബ്കാ പ്രയാസ്' എന്നീ പുസ്തകങ്ങൾ ന്യൂഡൽഹിയിൽ ഉപരാഷ്ട്രപതി സി.പി. രാധാകൃഷ്ണൻ പ്രകാശനം ചെയ്തു.

**The book 'Sabka Saath Sabka Vikas, Sabka Vishwas Sabka Prayas', based on Prime Minister Narendra Modi's speeches, was released by Vice President C.P. Radhakrishnan in New Delhi.**

4. രണ്ടുദിവസത്തെ സന്ദർശനത്തിനായി രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിങ് മൊറോക്കോയിലെത്തി.

**Defence Minister Rajnath Singh has arrived in Morocco on a two-day official visit.**

5. സ്വതന്ത്ര പരമാധികാര പലസ്തീൻ രാഷ്ട്രത്തെ ഔദ്യോഗികമായി അംഗീകരിച്ച ബ്രിട്ടനും ഓസ്ട്രേലിയയ്ക്കും കാനഡയ്ക്കും മുന്നറിയിപ്പുമായി ഇസ്രയേൽ.

**Israel has issued a warning to Britain, Australia, and Canada for officially recognizing Palestine as an independent sovereign state.**

6. ഏഷ്യ കപ്പ് ക്രിക്കറ്റിൽ ഇന്ത്യ-ബംഗ്ലാദേശ് പോരാട്ടം മറ്റന്നാൾ. ഇന്നലെ നടന്ന മത്സരത്തിൽ പാക്കിസ്ഥാനെ ആറു വിക്കറ്റിന് പരാജയപ്പെടുത്തി ടീം ഇന്ത്യ.

**India and Bangladesh are set to clash in the Asia Cup cricket tournament the day after tomorrow. Team**

**India defeated Pakistan by six wickets in their match held yesterday.**

❁❁❁❁❁❁❁❁❁❁❁❁❁

## PM-AP, THRIPURA VISIT

പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ അരുണാചൽ പ്രദേശ് ത്രിപുര സന്ദർശനങ്ങൾക്ക് തുടക്കമായി . ഇരട്ട എഞ്ചിൻ സർക്കാരുകളുടെ പ്രവർത്തന മികവ് അരുണാചൽ പ്രദേശിലെ വികസനത്തിൽ നിർണായ പങ്ക് വഹിച്ചതായി പ്രധാനമന്ത്രി നരേന്ദ്ര മോദി പറഞ്ഞു . അരുണാചൽ പ്രദേശിലെ ഇറ്റാനഗറിൽ വിവിധ വികസനപ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ച ശേഷം പൊതുസമ്മേളനത്തെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. രാജ്യം ആദ്യം എന്ന ആശയത്തിൽ ഊന്നിയാണ് സർക്കാർ പ്രവർത്തിക്കുന്നത്. അരുണചൽ പ്രദേശ് ശാന്തിയുടേയും സംസ്കാരത്തിന്റേയും സംഗമ ഭൂമിയാണെന്നും പ്രധാനമന്ത്രി പറഞ്ഞു. അരുണാചലിൽ 5,100 കോടി രൂപയിലധികം വരുന്ന ഒന്നിലധികം വികസന പദ്ധതികളാണ് ശ്രീ മോദി ഉദ്ഘാടനം ചെയ്തത്. അരുണാചൽ പ്രദേശിൽ, മൂവായിരത്തി 700 കോടി രൂപയിലധികം വിലമതിക്കുന്ന രണ്ട് പ്രധാന ജലവൈദ്യുത പദ്ധതികൾക്ക് അദ്ദേഹം തറക്കല്ലിട്ടു. തവാങ്ങിൽ അത്യാധുനിക കൺവെൻഷൻ സെന്ററിന്റെ ശിലാസ്ഥാപനവും ശ്രീ. മോദി നിർവഹിച്ചു .

## PM GST-REFORMS(INTRO)

പുതുക്കിയ ജി എസ് ടി നിരക്കുകൾ ഇന്നു മുതൽ

പ്രാബല്യത്തിൽ വന്നു. നവരാത്രിയുടെ ആദ്യ ദിനം രാജ്യത്തെ കോടിക്കണക്കിന് വീടുകളിലേക്ക് മധുരം എത്തുകയാണെന്ന് ഇന്നലെ രാജ്യത്തെ അഭിസംബോധന ചെയ്യവേ പ്രധാനമന്ത്രി നരേന്ദ്രമോദി പറഞ്ഞു. 5%, 18% നികുതി സ്ലാബുകൾ മാത്രമാണ് ഇന്നുമുതൽ ഉണ്ടാവുക. സ്വദേശി ഉത്പന്നങ്ങൾക്കും ആത്മനിർഭർ ഭാരതമെന്ന ദർശനത്തിനും ജിഎസ്ടി ഇളവുകൾ കുതിപ്പേകുമെന്നും പ്രധാനമന്ത്രി വ്യക്തമാക്കി.

(വോയേസ് ....പിഎം)

ജി.എസ്.ടി പരിഷ്കാരങ്ങൾ പ്രാബല്യത്തിൽ വന്നതോടെ 99 ശതമാനം ഉത്പന്നങ്ങൾക്കും 5 ശതമാനം മാത്രമായിരിക്കും നികുതി . ആദായ നികുതി ഇളവിനൊപ്പമുള്ള ജി.എസ്.ടി ഇളവ് സാധാരണക്കാർക്കും മധ്യവർഗ്ഗക്കാർക്കും വൻ നേട്ടമാകുമെന്നും പ്രധാനമന്ത്രി അറിയിച്ചു.

## GST -GENERAL

GST പരിഷ്ക്കാരങ്ങൾ നിലവിൽ വന്നതോടെ നിത്യോപയോഗ സാധനങ്ങൾ ഉൾപ്പെടെ 400 ലധികം ഉത്പന്നങ്ങൾക്ക് വില കുറഞ്ഞു .വെണ്ണ, നെയ്യ്, പാൽ, പാലുത്പന്നങ്ങൾ, ഷാംപൂ, ഹെയർഓയിൽ, ടൂത്ത്പേസ്റ്റ്, ബ്രഷ്, സോപ്പ്, ഫീഡിങ് ബോട്ടിൽ, കണ്ണട, കുട്ടികളുടെ നാപ്കിൻ, ക്ലിനിക്കൽ ഡയപ്പർ എന്നിവയ്ക്കും വില കുറഞ്ഞു. എ.സി, എൽ.ഇ.ഡി, 32 ഇഞ്ചിന് മുകളിലുള്ള ടി.വി, മോണിറ്റർ, പ്രൊജക്ടർ, ഡിഷ് വാഷർ, വാഷിങ് മെഷീൻ എന്നീ ഇലക്ട്രോണിക് സാധനങ്ങളുടെ വിലയിലും ഗണ്യമായ കുറവുണ്ടായി. 1200 സി.സി വരെയുള്ള പെട്രോൾ-സി.എൻ.ജി-ഡീസൽ കാറുകൾ 350 സി.സി ക്ക് താഴെയുള്ള ഇരുചക്രവാഹനങ്ങൾ, ചരക്കു വാഹനങ്ങൾ എന്നിവയുടെ വില കുറഞ്ഞത് സാധാരണക്കാർക്കും വാഹനിർമ്മാതാക്കൾക്കും ഒരു പോലെ ഗുണം ചെയ്യും. ആരോഗ്യ ഇൻഷുറൻസ്, ലൈഫ് ഇൻഷുറൻസ് എന്നിവയ്ക്കുള്ള തുകയിൽ കുറവുണ്ടായി. കൃഷി, ആരോഗ്യം, വസ്ത്ര നിർമ്മാണം എന്നീ മേഖലകളിലും ഉത്പന്നങ്ങളുടെ വില കുറഞ്ഞത് സാധാരണക്കാർക്ക് വലിയ ആശ്വാസമാകും.

## GST –ASHWINI intro

GST പരിഷ്കരണത്തിലൂടെ ചരിത്രപരമായ തീരുമാനമാണ് പ്രധാനമന്ത്രി കൈക്കൊണ്ടിരിക്കുന്നതെന്ന് കേന്ദ്ര വാർത്താ

വിതരണ പ്രക്ഷേപണ മന്ത്രി അശ്വിനി വൈഷ്ണവ്. രാജ്യത്തെ മധ്യവർഗ കുടുംബങ്ങളടക്കം 140 കോടി ജനങ്ങളുടെ ജീവിതത്തിൽ വലിയ ആശ്വാസം കൊണ്ട് വരാൻ തീരുമാനം വഴി തുറക്കും. എല്ലാ മേഖലകളിലും സ്വയം പര്യാപ്തത നേടിയാൽ മാത്രമേ ആത്മ നിർഭർ ഭാരത് എന്ന ലക്ഷ്യം കൈവരിക്കാൻ സാധിക്കുകയുള്ളുവെന്നും ശ്രീ അശ്വിനി വൈഷ്ണവ് പറഞ്ഞു.
(voice)

## PM – NAVRATRI

രാജ്യത്തെ ജനങ്ങൾക്ക് നവരാത്രി ആശംസകൾ നേർന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. ഈ പുണ്യോത്സവത്തിൽ ഏവരുടെയും ജീവിതം ആരോഗ്യപൂർണവും സൗഭാഗ്യകരവുമാകട്ടെയെന്ന് ശ്രീ മോദി ആശംസിച്ചു. നവരാത്രിയുടെ ആരംഭദിനമായ ഇന്ന് വളരെ ശുഭകരവും സവിശേഷപൂർണവുമാണ്. ജിഎസ്ടി സമ്പാദ്യോത്സവത്തോടൊപ്പം, സ്വദേശീമന്ത്രത്തിലൂടെ രാജ്യത്തിന് പുതിയ ഊർജ്ജം ലഭിക്കുമെന്നും അദ്ദേഹം സാമൂഹ്യമാധ്യമത്തിൽ കുറിച്ചു. നവരാത്രി ആഘോഷവേളയിൽ ശൈലപുത്രീദേവിയുടെ അനുഗ്രഹത്താൽ എല്ലാവരുടെയും ജീവിതം സൗഭാഗ്യമുള്ളതാകട്ടെ എന്നും പ്രധാനമന്ത്രി ആശംസിച്ചു. വികസിത-സ്വാശ്രയ ഇന്ത്യ സാക്ഷാത്കരിക്കുന്നതിനുള്ള കൂട്ടായ ശ്രമങ്ങളിൽ

എല്ലാവരും പങ്കുചേരണമെന്നും പ്രധാനമന്ത്രി ആഹ്വാനം ചെയ്തു.

❁❁❁❁❁❁❁❁❁❁❁❁❁

## VP – PM BOOKS

പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ പ്രസംഗങ്ങളെ ആസ്പദമാക്കിയുള്ള 'സബ്ക്കാ സാത്ത് സബ്ക്കാ വികാസ്, സബ്ക്കാ വിശ്വാസ് സബ്ക്കാ പ്രയാസ്' എന്നീ രണ്ട് പുസ്തകങ്ങൾ ന്യൂഡൽഹിയിൽ ഉപരാഷ്ട്രപതി സി.പി. രാധാകൃഷ്ണൻ പ്രകാശനം ചെയ്തു. രാജ്യത്തും വിദേശത്തുമുള്ള ദശലക്ഷക്കണക്കിന് ആളുകൾക്ക് പ്രധാനമന്ത്രി മോദി പ്രചോദനമാണെന്ന് ചടങ്ങിൽ സംസാരിച്ച ശ്രീ. രാധാകൃഷ്ണൻ പറഞ്ഞു. പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ തിരഞ്ഞെടുത്ത പ്രസംഗങ്ങൾ ഉൾക്കൊള്ളുന്ന ഈ പുസ്തകങ്ങൾ, അദ്ദേഹത്തിന്റെ ദർശനവും സദ്ഭരണത്തോടുള്ള സമീപനവും വിവിധ തരത്തിൽ പ്രകടമാക്കുന്നുവെന്ന് ഉപരാഷ്ട്രപതി പറഞ്ഞു.

❁❁❁❁❁❁❁❁❁❁❁❁❁

## RAJNATH–MOROCCO

–

മൊറോക്കോയിലെ തൻറെ രണ്ടുദിവസത്തെ ഔദ്യോഗിക സന്ദർശനത്തിൻറെ ആദ്യദിനത്തിൽ, രാജ്യരക്ഷാ മന്ത്രി

രാജ്നാഥ് സിങ് ,തലസ്ഥാനമായ റബാത്തിലെ ഇന്ത്യൻ സമൂഹവുമായി സംവദിച്ചു. അതിഥി രാജ്യമായ മൊറോക്കോയിലും ഇന്ത്യയിലുമുള്ള അവരുടെ സംഭാവനകളെ അദ്ദേഹം പ്രശംസിച്ചു .മൊറോക്കൻ പ്രതിരോധ മന്ത്രിയുടെ പ്രത്യേക ക്ഷണപ്രകാരം കസാബ്ലാങ്കയിൽ എത്തിയ അദ്ദേഹത്തെ മുതിർന്ന ഉദ്യോഗസ്ഥർ, സൈനിക നേതൃത്വം , മൊറോക്കോയിലെ ഇന്ത്യൻ സ്ഥാനപതി സഞ്ജയ് റാണ എന്നിവർ ചേർന്ന് സ്വീകരിച്ചു.ഇന്ത്യൻ പ്രതിരോധമന്ത്രിയുടെ ആദ്യ മൊറോക്കോ സന്ദർശനമാണ് ഇത്.

**SEVA PARV– CONNECTIVITY(intro )**

പൊതുസേവനവും സദ്ഭരണവും മുഖമുദ്രയാക്കി കേന്ദ്ര സർക്കാർ കഴിഞ്ഞ 11 വർഷത്തിനിടെ നടപ്പാക്കിയ പ്രവർത്തനങ്ങളിൽ, നഗരങ്ങളിലെ ഭവന നിർമ്മാണവും , ഗതാഗത വികസനത്തിലെ ദ്രുതഗതിയിലുള്ള മുന്നേറ്റങ്ങളും പ്രതിഫലിക്കുന്നു . അതിനായി സ്വീകരിച്ച നടപടികളെ കുറിച്ചാണ് പ്രത്യേക പരമ്പരയായ 'സേവ പർവിൽ' ഇന്ന്. *(INTRO MUSIC)*

പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ നേതൃത്വത്തിൽ, ലോകത്തിലെ മൂന്നാമത്തെ വലിയ മെട്രോ ശൃംഖലയായി വളർന്നിരിക്കുകയാണ് ഇന്ത്യ . 2014 ന് മുമ്പ് രാജ്യത്ത് 250

കിലോമീറ്റർ മെട്രോ റൂട്ടുകൾ മാത്രമേ ഉണ്ടായിരുന്നുള്ളൂ, എന്നാൽ ഇന്ന് ഇന്ത്യയിലെ മെട്രോ ശൃംഖല 1,000 കിലോമീറ്ററിലധികം വികസിച്ചു.***(S/B – PM MODI)***

നഗരപ്രദേശങ്ങളിൽ, ഗുണനിലവാരമുള്ള ഭവനങ്ങൾ ലഭ്യമാകുന്നതിലൂടെ ഓരോ പൗരനും അന്തസ്സുള്ള ജീവിതം ഈ സർക്കാർ ഉറപ്പാക്കുന്നു . കഴിഞ്ഞ 11 വർഷത്തിനിടെ, നഗരപ്രദേശങ്ങളിൽ സാധാരണക്കാർക്ക് താങ്ങാനാവുന്ന വിലയിൽ ഭവനങ്ങൾ നൽകി. ഒരു കോടി 16 ലക്ഷം വീടുകൾ അനുവദിച്ചു, 93 കോടിയിലധികം വീടുകൾ പൂർത്തീകരിച്ചു. യാത്രക്കാർക്ക് മെട്രോ സൗകര്യങ്ങൾ ഒരുക്കുന്നത് മുതൽ നഗരങ്ങളിലെ ജീവിത നിലവാരം ഉയർത്തുകയും ജീവിതശൈലി മികവുറ്റതാക്കുകയും ചെയ്യുക എന്നത് വരെ ഈ സർക്കാരിന്റെ ലക്ഷ്യമാണ്.

***(MUSIC)***

❁❁❁❁❁❁❁❁❁❁❁❁❁

**ISRAEL PM-PALESTINIAN**

സ്വതന്ത്ര പരമാധികാര പലസ്തീൻ രാഷ്ട്രത്തെ ഔദ്യോഗികമായി അംഗീകരിച്ച ബ്രിട്ടനും ഓസ്ട്രേലിയയ്ക്കും കാനഡയ്ക്കും മുന്നറിയിപ്പുമായി ഇസ്രയേൽ. ഈ തീരുമാനത്തെ അംഗീകരിക്കുന്നില്ലെന്ന് ഇസ്രയേൽ പ്രധാനമന്ത്രി ബെന്യമിൻ നെതന്യാഹു വ്യക്തമാക്കി. സമാധാനത്തിനും ദ്വിരാഷ്ട്ര പരിഹാരത്തിനുമുള്ള

പ്രതീക്ഷകൾ പുനരുജ്ജീവിപ്പിക്കുന്നതിനുള്ള ചുവടുവയ്പ്പാണ് സ്വതന്ത്ര പരമാധികാര പലസ്തീൻ എന്ന് ബ്രിട്ടീഷ് പ്രധാനമന്ത്രി കെയർ സ്റ്റാർമർ പറഞ്ഞു

## CRICKET

ഏഷ്യ കപ്പ് ക്രിക്കറ്റിൽ ഇന്ത്യ-ബംഗ്ലാദേശ് പോരാട്ടം മറ്റന്നാൾ.രാത്രി എട്ടിന് ദുബായ് ഇന്റർനാഷണൽ സ്റ്റേഡിയത്തിലാണ് മത്സരം.നിലവിൽ ഗ്രൂപ്പ് എ യിൽ ആറു പോയിന്റുമായി ഒന്നാം സ്ഥാനത്താണ് ഇന്ത്യ.

ഇന്നലെ നടന്ന മത്സരത്തിൽ ടീം ഇന്ത്യ പാക്കിസ്ഥാനെ ആറു വിക്കറ്റിന് കീഴടക്കിയിരുന്നു.നാളെ പാകിസ്ഥാൻ , ശ്രീലങ്കയെ നേരിടും.